# എയിഡഡ് സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിൽ; അതിനു കാരണം സർക്കാരിന്റെ നിരുത്തരവാദസമീപനം; എത്രയുംവേഗം പരിഹരിക്കണം

പൊതുവിദ്യാഭ്യാസമേഖലയിൽ സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തുള്ള 12615 സ്കൂളുകളിൽ 7145 എണ്ണം എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവയുടെ പ്രവർത്തനം കഴിഞ്ഞ 5 വർഷങ്ങളായി ഏറെ പ്രതിസന്ധിയിലാണ്. ഈ മേഖലയോടുള്ള സർക്കാരിന്റെ നിരുത്തരവാദപരമായ സമീപനമാണ് ഇതിനു കാരണം. വിദ്യാഭ്യാസഅവകാശനിയമം 2009-ൽ നിലവിൽ വന്നതിനുശേഷം അതു നടപ്പിലാക്കാൻ സംസ്ഥാനസർക്കാർ സ്വീകരിച്ച തത്ത്വദീക്ഷയില്ലാത്ത ചില തീരുമാനങ്ങളാണ് ഈ ദുരവസ്ഥയ്ക്ക് കാരണം.

1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30 എന്നും, 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35 എന്നും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്രമപ്പെടുത്തുക എന്ന വിദ്യാഭ്യാസഅവകാശനിയമത്തിലെ നിർദ്ദേശത്തിൽനിന്ന് സംസ്ഥാനസർക്കാർ പിന്നാക്കം പോവുകയും നാലുവർഷത്തിനുശേഷംമാത്രം ആ നിർദ്ദേശം നടപ്പാക്കാൻ തയ്യാറാവുകയുമാണ് ഉണ്ടായത്.

സാമ്പത്തികപ്രശ്നത്തിന്റെ പേരിൽ 2011 മുതൽ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താതെ 2015-16 വർഷം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് നല്കുകയുണ്ടായി. അതിന്റെ ഫലമായി പുതിയ ഒഴിവുകളിൽ അദ്ധ്യാപകനിയമനം നടക്കാതായി. നടത്തിയാൽതന്നെ അംഗീകാരം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് കുട്ടികളുടെ പഠനത്തെയും സ്കൂളുകളുടെ നിലനില്പിനെയും ദോഷകരമായി ബാധിച്ചു.

കോടതിവിധിയുടെ പശ്ചാത്തലത്തിൽ 2015-16 വർഷം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറക്കിയെങ്കിലും അതിനനുസൃതമായി അദ്ധ്യാപകരെ വിന്യസിക്കാൻ സാങ്കേതികമായി ബുദ്ധിമുട്ട് വന്നു. 2006 മുതൽ അനധികൃതമായി നിയമിതരായ അനേകം അദ്ധ്യാപകർക്കുകൂടി പ്രൊട്ടക്ഷൻ നല്കാനുള്ള ഗവണ്മെന്റിന്റെ നീക്കം, സുതാര്യമായി നിയമനങ്ങൾ നടത്തിവരുന്ന മാനേജ്മെന്റുകൾക്ക് ദോഷകരമായി. ഇതിന്റെ പരിണതഫലം ഈ മേഖലയിലുണ്ടായ അസന്തുലിതാവസ്ഥയാണ്. 2016-17 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഓർഡർ ഇപ്പോഴും ഇറങ്ങിയിട്ടില്ല എന്നു പറയുമ്പോൾ നിയമനങ്ങൾ നിയന്ത്രിച്ചിരിക്കുന്നു എന്നത് വ്യക്തമാണ്.

റഗുലർ വേക്കൻസികളിൽ ദിവസവേതന അടിസ്ഥാനത്തിൽപോലും ആളുകളെ വയ്ക്കാൻ നിയമമില്ല. കുട്ടികൾ കുറവായ സ്കൂളുകൾ അൺഎക്കണോമിക് എന്ന വിഭാഗത്തിൽപെടുത്തി, അവിടെയും നിയമനനിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. 'പുതിയ സ്കൂളുകൾ' എന്ന വിഭാഗത്തിൽപെടുന്ന സ്കൂളുകളിലെ തസ്തികകളിൽ പൂർണ്ണമായും പ്രൊട്ടക്ടഡ് അദ്ധ്യാപക-അനദ്ധ്യാപകരെ നിയമിക്കണം എന്നാണ് ഗവണ്മെന്റ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ സ്കൂളുകൾ അനുവദിച്ചപ്പോൾ ഗവണ്മെന്റുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് ഒരു സ്കൂളിൽ ഒരാളിനെ നിയമിച്ചാൽ മതിയായിരുന്നു.

പ്രാഥമികസൗകര്യങ്ങളും മറ്റു ഭൗതികസാഹചര്യങ്ങളും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള പുതിയ സങ്കേതങ്ങളും ക്രമപ്പെടുത്തുന്നതും കുറ്റമറ്റതായി സൂക്ഷിക്കുന്നതും മാനേജ്മെന്റുകൾക്ക് വമ്പിച്ച സാമ്പത്തികബാദ്ധ്യതയ്ക്ക് ഇടയാക്കുന്നു.

ഗവണ്മെന്റിൽനിന്നും ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് സമീപകാലംവരെ തുച്ഛമായ തുക ആയിരുന്നു. അത് പുതുക്കി നിശ്ചയിച്ചു എങ്കിലും ഇപ്പോഴും കൃത്യമായി ലഭിച്ചു തുടങ്ങിയിട്ടില്ല.

തസ്തികനിർണ്ണയിച്ച് അദ്ധ്യാപകനിയമനം നടത്താനുള്ള സാഹചര്യം ഗവണ്മെന്റ് ഒരുക്കിത്തരാത്തതുകൊണ്ട് മാനേജ്മെന്റുതന്നെ ഗസ്റ്റ് അദ്ധ്യാപകരെ വച്ച് കുട്ടികൾക്ക് പഠനം ഉറപ്പാക്കേണ്ടിവരുന്നു.

അൺഎക്കണോമിക് സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണം എന്ന ഉത്തരവ് നിലനില്ക്കെത്തന്നെയാണ് സർക്കാരിന്റെ പുതിയ ഉത്തരവുകളിലൂടെ 'പുതിയ സ്കൂളു'കളിലെ എല്ലാ ഒഴിവുകളിലും മൂന്നുമാസത്തിനു മുകളിലുള്ള എല്ലാ അവധി ഒഴിവുകളിലും പൂർണ്ണമായും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണം എന്നും മറ്റു സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ വേക്കൻസികളുടെ നേർപകുതിയിലും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണം എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നത്. എയിഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് വർഷങ്ങളായി ലഭിച്ചുവന്ന നിയമനാധികാരം എടുത്തുകളയാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. ഇത് ഒരു കാരണവശാലും അനുവദിക്കാവുന്നതല്ല.

ഏതുതരം നിയമനമാണെങ്കിലും അത് പ്രൊട്ടക്ടഡ് അദ്ധ്യാപകരുമായി ബന്ധിപ്പിച്ച് സങ്കീർണ്ണമാക്കി നിയമനം തന്നെ അംഗീകരിക്കപ്പെടാതിരിക്കുന്ന സാഹചര്യമാണ് ഗവണ്മെന്റ് സൃഷ്ടിച്ചിരിക്കുന്നത്. ഗവണ്മെന്റിന്റെ കണക്കനുസരിച്ച് പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം 3597 ആണ്. സംസ്ഥാനത്ത് 12615 സർക്കാർ-എയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് നാല് സ്കൂളുകൾക്ക് ഒരു പ്രൊട്ടക്ടഡ് ജീവനക്കാരൻ എന്ന കണക്കിൽ വിന്യസിച്ചാൽ വളരെ പെട്ടെന്ന് പരിഹരിക്കാവുന്ന പ്രശ്നമാണ് ഇത്. എന്നാൽ ഇത്തരത്തിൽ ഒറ്റത്തവണ തീർപ്പ് എന്ന സമീപനത്തിൽനിന്ന് ഗവണ്മെന്റ് മനഃപൂർവം ഒഴിഞ്ഞുനില്ക്കുകയാണ്. ഗവണ്മെന്റിന് ഇച്ഛാശക്തി ഉണ്ടെങ്കിൽ വളരെ ലളിതമായ ഈ പ്രശ്നം അടുത്ത അദ്ധ്യയനവർഷത്തിന്റെ തുടക്കത്തിൽത്തന്നെ എന്നെന്നേക്കുമായി പരിഹരിക്കാവുന്നതാണ്.

ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ, സാധാരണക്കാരുടെ വിദ്യാഭ്യാസത്തിനുതകുന്ന എയിഡഡ് വിദ്യാലയങ്ങൾ ഇന്നു നേരിടുന്ന പ്രതിസന്ധികൾക്ക് എത്രയുംവേഗം പരിഹാരം കാണേണ്ടത് സർക്കാരിന്റെ കടമയാണ്. ഇക്കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം സംസ്ഥാനസർക്കാർ ഇനിയുമെങ്കിലും സ്വീകരിച്ച് ഈ മേഖലയെ നിലനിർത്തേണ്ടതാണ്.